## ദൈവവുമായി തികച്ചും ഒന്നായിരുന്നവർ—ഒരു യഥാർഥ ജീവസുറ്റ കൂട്ടത്തിന്റെ മാതൃക

**I. കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ തത്ത്വം "ദാനീയേലിനോടും അവന്റെ കൂട്ടുകാരോടും"കൂടെ (ഹനന്യാവും, മീശായേലും, അസര്യാവും) കാണപ്പെടുന്നു, അവർ സാത്താന്റെ തന്ത്രങ്ങളുടെമേലുള്ള അവരുടെ വിജയത്തിൽ ദൈവവുമായി തികച്ചും ഒന്നായിരുന്ന ജയാളികളായിരുന്നു—[ബാഹ്യമായ് അവരുടെ പേരുകൾ മാറ്റപ്പെട്ടെങ്കിലും, അവരുടെ അന്തഃസ്ഥിതമായ സംരചനയെ മാറ്റുവാൻ ആർക്കും സാധിച്ചില്ല]**

- നെബൂഖദ്നേസർ ദാനീയേലിനെയും കൂട്ടുകാരെയും (ഹനന്യാവു, മീശായേൽ, അസര്യാവു) പൈശാചികമായി പരീക്ഷിച്ചുകൊണ്ട്, അവർ ദൈവത്തിനുള്ളവരാണെന്ന് സൂചിപ്പിക്കുന്ന അവരുടെ പേരുകളെ വിഗ്രഹങ്ങളോട് ഒന്നാക്കുന്ന പേരുകളാക്കി മാറ്റി—ബേൽത്ത്ശസ്സർ, ശദ്രക്, മേശക്, അബേദ്-നെഗോ

## ദാനീയേലും അവന്റെ കൂട്ടുകാരും വിജയികളായിരുന്നു

**II. പൈശാചിക ഭക്ഷണക്രമത്തിന്മേൽ—[ഭക്ഷിക്കുന്നത് നമ്മുടെ സംരചനയെ നിർണ്ണയിക്കുന്നതിനാൽ, ക്രിസ്തുവിനെ മാത്രം നാം ഭക്ഷിക്കണം]**

- നെബൂഖദ്നേസറിന്റെ പൈശാചികമായ പ്രലോഭനം ഒന്നാമതായി, ദാനീയേലിനെയും അവന്റെ മൂന്ന് കൂട്ടുകാരെയും വശീകരിച്ച് വിഗ്രഹങ്ങൾക്ക് അർപ്പിക്കുന്ന അശുദ്ധ ഭക്ഷണത്തിൽ പങ്കുചേരുന്നതിലൂടെ മലിനപ്പെടുത്തുക എന്നതായിരുന്നു
- സസ്യഭോജനം കഴിക്കുവാൻ തിരഞ്ഞെടുത്തപ്പോൾ, തത്ത്വത്തിൽ അവർ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തെ തിരസ്കരിക്കുകയും ദൈവവുമായി ഒന്നായിരിക്കുവാൻ അവരെ ഇടയാക്കിയ ജീവിവൃക്ഷത്തെ എടുക്കുകയും ചെയ്യുകയായിരുന്നു
- കർത്താവിന്റെ പ്രത്യുദ്ധാരം സഭയുടെ കെട്ടുപണിക്കുവേണ്ടി യേശുവിനെ ഭക്ഷിക്കുന്നതിന്റെ പ്രത്യുദ്ധാരമാണ്

**III. മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രമെന്ന നിലയിൽ വലിയ മനുഷ്യപ്രതിമയെയും തകർക്കുന്ന കല്ലിനെയും കാണുന്നതിൽനിന്ന് ആളുകളെ തടയുന്ന പൈശാചിക അന്ധതയുടെമേൽ—[കൈതൊടാത്ത കല്ലായിത്തീരുവാൻ മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രത്തിൽ ജീവിക്കണം]**

- ദൈവത്തിന്റെ കെട്ടിടത്തിന്റെ ജീവനുള്ളതും വിലയേറിയതുമായ കല്ലും, അടിസ്ഥാനക്കല്ലും, മൂലക്കല്ലും, ആണിക്കല്ലുമായ ക്രിസ്തു നമ്മെ അവന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ജീവനുള്ളതും വിലയേറിയതുമായ കല്ലുകളായി രൂപാന്തരപ്പെടുത്തുവാൻ വിലയേറിയവനായ അവനെക്കൊണ്ടുതന്നെ നമ്മെ സന്നിവേശിപ്പിക്കുന്നു

**IV. വിഗ്രഹാരാധനയുടെ വശീകരണത്തിന്മേൽ—[നമ്മുടെ സ്വയമെന്ന ഏറ്റവും വലിയതും വ്യക്തിനിഷ്ഠവുമായ വിഗ്രഹത്തിൽ നിന്ന് നാം രക്ഷിക്കപ്പെടണം]**

- നമ്മുടെ വീണ്ടുംജനിച്ച ആത്മാവിൽ സത്യദൈവമല്ലാത്തതൊക്കെയും ദൈവത്തെ പകരംവയ്ക്കുന്ന ഒരു വിഗ്രഹമാണ്; ആത്മാവിലല്ലാത്തതോ ആത്മാവിന്റേതല്ലാത്തതോ ആയ എന്തും ഒരു വിഗ്രഹമാണ്
- ശരീരത്തിന്റെ ശത്രു സ്വയമാണ്
- ദാനീയേലിന്റെ കൂട്ടുകാർക്ക് രക്തസാക്ഷിത്വത്തിന്റെ യഥാർഥ ആത്മാവുണ്ടായിരുന്നു
- ചൂളയിൽനിന്ന് വിടുവിക്കുവാൻ മൂന്ന് ജയാളികൾക്കും ദൈവത്തോട് അപേക്ഷിക്കേണ്ട ആവശ്യമില്ലായിരുന്നു; മനുഷ്യപുത്രനായ ക്രിസ്തു—അവരുടെ കൂട്ടാളിയായിരിക്കുവാനും, അവന്റെ സാന്നിധ്യം അവരുടെ കഷ്ടത്തിന്റെ സ്ഥലത്തെ ഒരു സുഖപ്രദമായ സാഹചര്യമാക്കിക്കൊണ്ട് അവരുടെ കഷ്ടത്തിൽ അവരെ കരുതുവാനും വന്നു

**V. സ്വർഗസ്ഥനായ ദൈവത്തിന്റെ സ്വർഗീയ ഭരണം കാണുന്നതിൽനിന്ന് ആളുകളെ തടസ്സപ്പെടുത്തുന്ന ആവരണത്തിന്മേൽ—[നാം ഒന്നുമല്ലാതായിത്തീർന്ന് ക്രിസ്തുവിന് സർവോൽകൃഷ്ടത നൽകണം]**

- ക്രിസ്തുവിന്റെ സർവോൽകൃഷ്ടതയ്ക്കുവേണ്ടിയുള്ള തന്റെ ജനമായിരിക്കുവാൻ ദൈവത്താൽ തിരിഞ്ഞെടുക്കപ്പെട്ടവരെന്ന നിലയിൽ, ക്രിസ്തുവിനെ ഉൽകൃഷ്ടനാക്കുക എന്ന ഉദ്ദേശ്യത്തിനുവേണ്ടി നാം ദൈവത്തിന്റെ സ്വർഗീയ ഭരണത്തിൻ കീഴിലാണ്
- "നിഗളിച്ചുനടക്കുന്നവരെ താഴ്ത്തുവാനും അവൻ പ്രാപ്തൻ തന്നേ"—ദാനീ. 4:37

**VI. ദൈവമുമ്പാകെയുള്ള ദുഷ്പ്രവൃത്തിയുടെയും അവന്റെ വിശുദ്ധിയോടുള്ള അപമാനത്തിന്റെയും ഫലത്തെക്കുറിച്ചുള്ള അജ്ഞതയുടമേൽ—[നമുക്ക് ലഭിക്കുന്ന ആത്മിക പാഠങ്ങളിൽ നിന്നും നാം പാഠങ്ങൾ പഠിക്കണം]**

- "ദാനീയേലിൽ ഉൽകൃഷ്ട ആത്മാവും അറിവും ബുദ്ധിയും, സ്വപ്നവ്യാഖ്യാനവും ഗൂഢാർഥവാക്യപ്രദർശനവും സംശയച്ഛേദനവും കണ്ടിരിക്കുന്നു"—ദാനീ. 5:12

**VII. ദൈവത്തെ ആരാധിക്കുന്നതിന് ജയാളികളുടെ വിശ്വസ്തതയെ നിരോധിച്ച കൗശലത്തിന്മേൽ—[ദൈവ വ്യവസ്ഥയുടെ നിവർത്തീകരണത്തിനായ് ദൃഢചിത്തതയോടെ പ്രാർത്ഥിക്കുന്ന ശീലം ഉണ്ടായിരിക്കണം]**

- ദാനീയേൽ 6-ന്റെ കേന്ദ്രം ദൈവത്തിന്റെ വ്യവസ്ഥ നടപ്പിലാക്കുന്നതിനുള്ള മനുഷ്യന്റെ പ്രാർഥനയാണ്; മനുഷ്യന് ചെയ്യുവാൻ കഴിയാത്തത് ചെയ്യുവാനും മനുഷ്യന് മനസ്സിലാക്കുവാൻ കഴിയാത്തത് മനസ്സിലാക്കുവാനും ദാനീയേൽ പ്രാർഥനയിൽ ആശ്രയിച്ചു; ദൈവത്തിന്റെ വ്യവസ്ഥയെ പൂർണ്ണതയിലേക്കും നിറവേറലിലേക്കും കൊണ്ടുവരാൻ പ്രാർഥനയൊഴികെ മറ്റൊരു മാർഗവുമില്ല; ഇതാണ് ഈ അധ്യായത്തിന്റെ ആന്തരിക രഹസ്യം
- ദാനീയേൽ യെരൂശലേമിനു നേരേ തന്റെ ജനാലകൾ തുറന്ന് ദിവസവും മൂന്ന് പ്രാവശ്യം പ്രാർഥിച്ചു; തന്റെ കൃപനിറഞ്ഞ പ്രാർഥന മുഖാന്തരം ദൈവം യിസ്രായേലിനെ അവരുടെ പിതാക്കന്മാരുടെ ദേശത്തേക്ക് മടക്കിക്കൊണ്ടുവന്നു; നമ്മുടെ പ്രാർഥന ദൈവത്തിന്റെ നിത്യവ്യവസ്ഥയിലെ ലക്ഷ്യമായ (വിശുദ്ധ ദേശത്താൽ മുൻകുറിക്കപ്പെടുന്ന) ക്രിസ്തുവിനു നേരേയും, (വിശുദ്ധ നഗരത്താൽ മുൻകുറിക്കപ്പെടുന്ന) രാജ്യത്തിനു നേരേയും, (വിശുദ്ധ ആലയത്താൽ മുൻകുറിക്കപ്പെടുന്ന) ദൈവത്തിന്റെ ഭവനത്തിനു നേരേയുമായിരിക്കുമ്പോൾ ദൈവം നമ്മുടെ പ്രാർഥന കേൾക്കും